# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 494 — 21.10.2011 -ൽ മറുപടിയ്ക്ക്

# ആഗോളതാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു<br>,, മുല്ലക്കര രത്നാകരൻ<br>,, പി.തിലോത്തമൻ<br>,, കെ.അജിത് | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) ആഗോളതാപനം സംബന്ധിച്ച വെല്ലുവിളികളെ നേരിടുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ; | എ) ആഗോളതാപനം സംബന്ധിച്ച വെല്ലുവിളികളെ നേരിടുന്നതിന് വനം വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. വനേതര പ്രദേശങ്ങളിലെ വൃക്ഷാവരണം വർദ്ധിപ്പിക്കാനായി സാമൂഹ്യ വനവൽക്കരണ പദ്ധതിയിൻകീഴിൽ എന്റെ മരം, നമ്മുടെ മരം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുള്ള ഹരിത കേരളം പദ്ധതി, വഴിയോരത്തണൽ പദ്ധതി, കുട്ടനാട് പാക്കേജ്, സുവർണ്ണോദ്യാനം, കണ്ണൂർ മേഖലയിലെയും, വേമ്പനാടു മേഖലയിലെയും കണ്ടൽക്കാടുകളുടെ സംരക്ഷണ പദ്ധതി.<br>2. പ്രക്ഷീണ വനങ്ങളുടെ പുനരുദ്ധാരണം വഴി വനഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കൽ<br>3. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് പ്രോത്സാഹനം<br>4. കാവുകളുടെ സംരക്ഷണത്തിന് പ്രോത്സാഹനം. |
| ബി) ഹരിതകവചം നിർമ്മിക്കുന്നതിന്റെ ഭാഗമായി തീരപ്രദേശങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ ; അതിനായി | ബി) ഹരിതകവചം നിർമ്മിക്കുന്നതിന്റെ ഭാഗമായി തീരപ്രദേശങ്ങളിൽ കാറ്റാടി തൈകൾ വച്ചുപിടിപ്പിച്ചു. തീരപ്രദേശത്ത് അനുയോജ്യമായ സ്ഥലത്ത് കണ്ടൽ കാടുകൾ വച്ചുപിടിപ്പിച്ചു. |

| | | | |
|---|---|---|---|
| | ഇതുവരെ എത്ര തുക ചെലവഴിച്ചു ; | | തീരദേശ വാസികളുടെ ആവശ്യപ്രകാരം അവരുടെ സ്ഥലങ്ങളിൽ തടിയും, വിറകും ലഭ്യമാക്കുന്ന വിവിധയിനം വൃക്ഷത്തൈകൾ വിതരണം ചെയ്തു നട്ടുപിടിപ്പിച്ചു. തീരദേശ വാസികൾക്ക് ബോധവൽക്കരണവും തീരസംരക്ഷണ വനവൽക്കരണ സമിതികൾക്ക് പരിശീലനവും നൽകി. ഇതിനായി മൊത്തം 355.14/ ലക്ഷം രൂപ ചെലവഴിച്ചു ; |
| സി) | ഹരിത തീരം പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ ? | സി) | 2007-ൽ തുടങ്ങിയ ഹരിത തീരം പദ്ധതി 2009-ൽ അവസാനിച്ചു. |

സെക്ഷൻ ഓഫീസർ